ഖുത്ബ
2.2.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# അർറഹ്മാൻ
# ചോദിക്കാതെ നല്കുന്നവൻ (4)

**ക**ഴിഞ്ഞ ഖുത്ബയിൽ നബി(സ) തിരുമേനി സൃഷ്ടികളോട് കരുണ കാണിച്ചതിനേയും പരമകാരുണികനായ അല്ലാഹുവിന്റെ കാരുണ്യത്തിൽ ഭാഗഭാക്കാകാൻ തന്റെ അനുചരന്മാരെ ഉപദേശിച്ചതിനേയും കുറിച്ച് ഞാൻ പറയുകയും അതുസംബന്ധമായി ചില നിവേദനങ്ങൾ കേൾപ്പിക്കുകയും ചെയ്തിരുന്നു. നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതചരിത്രത്തിൽനിന്ന് ചില സംഭവങ്ങൾ ഇന്ന് ഞാൻ പറയുന്നതാണ്. ഇതിൽനിന്ന് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള അവിടത്തെ അലിവും അത് പ്രകടിപ്പിക്കാൻ വേണ്ടി അവിടന്ന്, തന്നെ സ്വയം ബുദ്ധിമുട്ടിൽ അകപ്പെടുത്തിയതുമായ ചിത്രം ഒരു പരിധി വരെ തെളിഞ്ഞുവരും.

അവിടത്തെ ജീവിതം തിരക്കുപിടിച്ചതായിരുന്നു. അതിന് അതിരുണ്ടായിരുന്നില്ല. ഇസ്ലാമിന്നെതിരിലുള്ള ആക്രമണത്തെ പ്രതിരോധിച്ചുകൊണ്ട് പ്രസംഗങ്ങളിലൂടെയും എഴുത്തുകളിലൂടെയും അവിടന്ന് തന്നത്താൻ യുദ്ധം ചെയ്തു. ആ മഹാത്മാവിന്റെ എതിരാളികളുടെ പ്രവർത്തനങ്ങൾക്കും അതിരുണ്ടായിരുന്നില്ല. ആ എതിർപ്പുകളിൽ കേസ്സുകളും ഉണ്ടായിരുന്നു. ഇതൊക്കെയായിരുന്നിട്ടും തനിക്കും മറ്റുള്ളവർക്കും വേണ്ടി അടിമുടി കാരുണ്യത്തോടെ പ്രവർത്തിക്കാൻ അവിടന്ന് അരമുറുക്കി. ഇക്കാര്യത്തിൽ തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ ജീവിതം സ്വായത്തമാക്കാൻ ശ്രമിച്ചു. അവിടത്തെ ജീവചരിത്രത്തിലെ ഈ വശവും പൂർണ്ണ ശോഭയോടും ശക്തിയോടും കൂടി വിളങ്ങി. കാരണം തന്റെ സ്രഷ്ടാവും, അനുഗ്രഹവും പാരിതോഷികവും നല്കുന്നവനുമായ അല്ലാഹുവിന് നന്ദി കാണിക്കുന്നവനായിരിക്കാനാണ് അവിടന്ന് ആഗ്രഹിച്ചിരുന്നത്. അവൻ ഇൽഹാമിലൂടെ ആ മഹാത്മാവിനോട് പറഞ്ഞു.

غَرَسْتُ لَكَ بِيَدِي رَحْمَتِي وَقُدْرَتِي

നിനക്കായി ഞാൻ കാരുണ്യവും കഴിവും എന്റെ കൈകൊണ്ട് നട്ടു. അവിടത്തേക്കുവേണ്ടി അല്ലാഹു തന്റെ സ്വന്തം കൈകൊണ്ട് നട്ട കാരുണ്യത്തിന്റെ ചെടിയ്ക്കുള്ള നന്ദിപ്രകടനം, അല്ലാഹുവിന്റെ സൃഷ്ടികളുടെമേൽ കരുണാദൃഷ്ടി പതിപ്പിച്ചുകൊണ്ട് അവിടന്ന് ചെയ്യാതിരിക്കുന്നതെങ്ങനെ? അല്ലാഹു ഇൽഹാമിലൂടെ ആ മഹാത്മാവിനോട് ഇങ്ങനെയും പറഞ്ഞിരുന്നു.

يَا أَحْمَدُ فَاضَتِ الرَّحْمَةُ عَلَى شَفَتَيْكَ

അഹ്മദേ! നിന്റെ ചുണ്ടുകളിൽ കാരുണ്യം പ്രവഹിച്ചിരിക്കുന്നു.

ഈ കാരുണ്യം ആ മഹാത്മാവിന്റെ മനസ്സിൽ ആത്മീയരോഗികളെക്കുറിച്ച് വേദന ഉണ്ടാക്കുകയും അതിന്റെ പരിഹാരത്തിനായി അവിടന്ന് പ്രാർത്ഥനയും പ്രയത്നവുംകൊണ്ട് എപ്പോഴും ശ്രമിക്കുകയും ചെയ്തിരുന്നു. അതിനോടൊപ്പം തന്നെ അല്ലാഹുവിന്റെ സൃഷ്ടികളുടെ ശാരീരികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവിടന്ന് എപ്പോഴും പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്തുപോന്നു. അതിലെ ചില സംഭവങ്ങൾ ഞാൻ പറയുകയാണ്. ഇതിൽനിന്ന് എങ്ങനെയാണ് അവിടന്ന് സൃഷ്ടിസേവനം ചെയ്തിരുന്നതെന്നും അവർ ആത്മീയമായി അഭിവൃദ്ധിപ്പെടാൻ എത്രമാത്രം അവിടന്ന് വേദനിച്ചിരുന്നുവെന്നും മനസ്സിലാകും.

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ(റ) പറയുന്നു. ഖാദിയാൻവാസിയായ ലാല ശരംപത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യനിർവഹണത്തിനു മുമ്പേ മുതൽ തന്നെ ആ മഹാത്മാവിനെ വന്നുകാണാറുണ്ടായിരുന്നു. മസീഹ് മൗഊദ്(അ) മുഖേന വെളിപെട്ട ഒരുപാട് ദൃഷ്ടാന്തങ്ങൾക്ക് അദ്ദേഹം ദൃക്സാക്ഷിയാണ്. ഒരിക്കൽ അദ്ദേഹം രോഗബാധിതനായി. (ഇർഫാനി സാഹിബ്, പറയുന്നു അപ്പോൾ ഹിജ്റത്ത് ചെയ്ത് ഖാദിയാനിൽ വരാനുള്ള ഭാഗ്യം എനിക്ക് കിട്ടിക്കഴിഞ്ഞിരുന്നു) ശരംപത്തിന്റെ വയറുഭാഗത്ത് ഒരു വലിയ കുരുപൊന്തി. അദ്ദേഹത്തിന് കഠിനമായ വേദന അനുഭവപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ വീട്ടിലെത്തി. വളരെ ഇടുങ്ങിയതും വീർപ്പുമുട്ടനുഭവപ്പെടുന്നതുമായ ഒരു ചെറിയ കുടി

ലായിരുന്നു അത്. ഇർഫാനീ സാഹിബ് പറയുന്നു, ഞാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൂടെ പോയി. ലാലശരംപത്തിനെ കണ്ടപ്പോൾ, അയാൾ ഒരുപാട് പരിഭ്രമിച്ചിരിക്കുന്നതായി കണ്ടു. തന്റെ മരണം അടുത്തിരിക്കുന്നുവെന്ന് അദ്ദേഹം ദൃഢമായും കരുതിയിരുന്നു. മരണാസന്നൻ പറയുന്നതു പോലെ വളരെ വ്യാകുലതയോടുകൂടിയാണ് അദ്ദേഹം സംസാരിച്ചത്. അപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ), പരിഭ്രമിക്കേണ്ട എന്നു പറഞ്ഞ് അദ്ദേഹത്തെ സാന്ത്വനപ്പെടുത്തി. ഡാക്ടർ അബ്ദുല്ലാഹ് സാഹിബിനെ ചികിത്സിക്കാനായി വിളിക്കാമെന്നും അദ്ദേഹം നല്ലവണ്ണം ചികിത്സിക്കുമെന്നും അവിടന്ന് പറഞ്ഞു. അങ്ങനെ രണ്ടാം ദിവസം ഹദ്റത്ത് അഹ്മദ്(അ) ഡാക്ടറുമായി അദ്ദേഹത്തിന്റെ അടുക്കലെത്തി. ലാലംശരംപത്തിനെ പ്രത്യേകമായി ചികിത്സിക്കാൻ ഡാക്ടർ സാഹിബിനോട് അവിടന്ന് പറഞ്ഞു. ഈ ചികിത്സയ്ക്കുവേണ്ടിവന്ന ചെലവ് ലാലശരംപത്തിന്റെ തലയിലിട്ടതുമില്ല. നിത്യവും ലാലശരംപത്തിനെ സന്ദർശിക്കാൻ അവിടന്ന് പോകുമായിരുന്നു. ആശ്വാസം കിട്ടിത്തുടങ്ങിയതിനുശേഷമാണ് ഇടയ്ക്കിടെ പോകാൻ തുടങ്ങിയത്. പൂർണ്ണസുഖം പ്രാപിക്കുന്നതുവരെ അവിടന്ന് അദ്ദേഹത്തെ സന്ദർശിക്കാൻ പൊയ്ക്കൊണ്ടിരുന്നു."

ഇർഫാനീ സാഹിബ് പറയുന്നു: ഖാദിയാൻ വാസികളിൽ ആദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചവരിൽ പെട്ട ഒരാളായിരുന്നു മെഹർ ഹാമിദ്(റ). അദ്ദേഹത്തിന്റെ കുടുംബം മുഴുവൻ ആത്മാർത്ഥരായ അഹ്മദികളായിരുന്നു. ഒരു ദരിദ്രകൃഷിക്കാരനാണ് മെഹർ ഹാമിദ് അലി സാഹിബ്. അദ്ദേഹത്തിന്റെ വീട് ഖാദിയാന് വെളിയിൽ, ഗ്രാമത്തിലെ അഴുക്കുകളെല്ലാം കൊണ്ടുവന്ന് തട്ടുന്നതിന്റെ അടുത്തായിരുന്നു. അതുകൊണ്ടുതന്നെ അവിടെ അസഹനീയമായ നാറ്റം അനുഭവപ്പെട്ടു. കൃഷിപ്പണിക്കാരുടെ വീട് സാധാരണ അവിടെ അങ്ങനെതന്നെയാണ്. വൃത്തിയും വെടിപ്പും ഒന്നും അവിടെ ഉണ്ടാകുകയില്ല. ചാണകവും അതുപോലെ മറ്റു വസ്തുക്കളും അവിടവിടെ കിടന്നിരുന്നു. അത് ഇന്ധനമായി അവർ ഉപയോഗിക്കാറുമുണ്ട്. എന്തായാലും അദ്ദേഹം താമസിച്ചിരുന്നത് അവിടെയായിരുന്നു. അദ്ദേഹത്തിന് സുഖമില്ലാതെയായി. ആ സുഖക്കേട് അദ്ദേഹത്തിന്റെ മരണത്തിന് കാരണവുമായി. അദ്ദേഹം സുഖമില്ലാതെ കിടന്ന സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സുഹൃത്തുക്കളുമൊത്ത് പലപ്രാവശ്യം അവിടെ പോയിട്ടുണ്ട്. പോകുമ്പോൾ, അവിടത്തെ ദുർഗന്ധം ചിലർക്ക് സഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നു തന്നെയും ഇതനുഭവപ്പെട്ടിരുന്നു. അത് സ്വാഭാവികമാണല്ലോ. എന്നാൽ, വ്യക്തമായോ സൂചനയായോ അത് പ്രകടിപ്പിച്ചില്ല. ആ ബുദ്ധിമുട്ട്, അദ്ദേഹത്തെ സന്ദർശിക്കുന്നതിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തടഞ്ഞതുമില്ല. അവിടന്ന് പോകുമ്പോഴെല്ലാം അദ്ദേഹത്തോട് സന്തോഷത്തോടും സ്നേഹത്തോടും സംസാരിക്കുകയും അദ്ദേഹത്തിന്റെ രോഗത്തെക്കുറിച്ചും ബുദ്ധിമുട്ടിനെക്കുറിച്ചും ദീർഘനേരം അന്വേഷിക്കുകയും സാന്ത്വനപ്പെടുത്തുകയും മരുന്നുകൾ പറഞ്ഞുകൊടുക്കുകയും അല്ലാഹുവിനെ സ്മരിക്കാൻ പറയുകയും ചെയ്യുമായിരുന്നു. അദ്ദേഹം ഒരു ചെറിയ കർഷകനാണ്. അവിടന്ന് ജമീന്ദാർമാരിൽപ്പെട്ടയാളായ കാരണത്താൽ, അദ്ദേഹം പ്രജകളിലെ ഒരംഗമായി. എന്നാൽ, അവിടന്ന് ഒരിക്കലും വമ്പ് പറയലും, പൊങ്ങച്ചം പറയലും ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ അടുക്കൽ, തന്റെ ഒരു പ്രിയപ്പെട്ട സഹോദരൻ എന്ന നിലയിലാണ് അവിടന്ന്പോയിരുന്നത്. അതു കണ്ടിട്ട്, ഉറ്റവർപോലും ഇങ്ങനെ ശുശ്രൂഷിക്കുകയില്ലെന്ന് ചിലർ പറയുമായിരുന്നു.

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ(റ) എഴുതുന്നു. രോഗികളെ സന്ദർശിക്കാൻ, ഒന്നും നോക്കാതെ അവിടന്ന് പോകുമായിരുന്നു. പക്ഷേ, ഒരുഭാഗത്ത് സൃഷ്ടികളോടുള്ള അനുകമ്പ കാണിക്കുന്നതിനും അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നതിനും വേണ്ടി അല്ലാഹു ആ മഹാത്മാവിന്റെ മനസ്സിന് കരുത്ത് നല്കിയിരുന്നുവെങ്കിൽ മറുഭാഗത്ത് തന്റെ ആത്മാർത്ഥമായ സഹോദരന്മാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ, അവരോടുള്ള സ്നേഹം കൊണ്ടും അവരുടെ വേദന തൊട്ടറിയുന്നതുകൊണ്ടും അത് സഹിക്കാനുള്ള ശക്തിയില്ലായിരുന്നുതാനും. അത്തരം പരിതസ്ഥിതിയിൽ പോകുകയാണെങ്കിൽ, അത് ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമോ എന്ന് ആശങ്കപ്പെട്ടിരുന്നു. അതിനാൽ രോഗികളെ സന്ദർശിക്കാൻ മിക്കപ്പോഴും തനിച്ചുപോകാതെ മറ്റു മാർഗ്ഗങ്ങളിലൂടെ അത് നിർവ്വഹിക്കുമായിരുന്നു. അതായത്, ഡാക്ടർമാർ തുടങ്ങിയവരെ അയച്ചുകൊണ്ട് അവസ്ഥകൾ അറിയും രോഗികളുടെ ബന്ധുക്കൾ മുഖേന അവരെ സമാധാനിപ്പിക്കുകയും ചെയ്തു. പല പ്രാവശ്യവും ഇത്തരം ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. തന്റെ മാനസികവിഷമം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

നോക്കുക, അങ്ങേയറ്റം തിരക്കുണ്ടായിട്ടും,

സമയമില്ല എന്നു പറഞ്ഞുകൊണ്ട് രോഗികളെ സന്ദർശിക്കുകയോ അവരുടെ വിവരം ചോദിച്ചറിയുകയോ ചെയ്യാതിരിക്കുന്നില്ല. അഥവാ, പോകാതിരുന്നാൽ അതിന് കാരണം സൃഷ്ടികളോടുള്ള അനുകമ്പയിൽ, അവരുടെ ബുദ്ധിമുട്ട് കാണുമ്പോൾ സ്വയം രോഗിയായിത്തീരുമോ എന്ന ആശങ്ക കൊണ്ടാണ്. ഇത് അവിടത്തെ മനസ്സ്, ദയയും അലിവുംകൊണ്ട് നിറഞ്ഞിരുന്നു. ഇതിന്റെ പ്രകടനം അവിടന്നെഴുതിയ കത്തിലൂടെ മനസ്സിലാക്കാം. അതുസംബന്ധിച്ച് ഇർഫാനീ സാഹിബ്(റ) എഴുതുന്നു.

പരേതനായ അയ്യൂബ് സാദിഖ് സാഹിബ് അങ്ങേയറ്റം ആത്മാർത്ഥതയും ആവേശം നിറഞ്ഞതുമായ ഒരു അഹ്മദിയായിരുന്നു. അതായത്, മിർസാ അയ്യൂബ് ബേഗ്സാഹിബ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അതീവ സ്നേഹമുണ്ടായിരുന്ന അദ്ദേഹം രോഗബാധിതനായി. ആ അസുഖത്തിൽ തന്നെ അദ്ദേഹത്തിന്റെ വിയോഗം ഉണ്ടാകുകയും ചെയ്തു. തന്റെ ജീവിതത്തിന്റെ അവസാന ദിനങ്ങളഇൽ തന്റെ സഹോദരനായ മിർസാ യഅ്ഖൂബ് ബേഗ് സാഹിബിന്റെ വീട്ടിൽ 'ഫാസിലിക്ക'യിലായിരുന്നു താമസിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കാണണമെന്ന അതിയായ ആഗ്രഹം അദ്ദേഹത്തിനുണ്ടായി. അദ്ദേഹം അത് പ്രകടിപ്പിച്ചു. എന്നാൽ, നേരിട്ട് പോയി ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കാണാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. കാരണം അദ്ദേഹത്തിന് യാത്ര ചെയ്യാൻ സാധിക്കുമായിരുന്നില്ല. ഉള്ളിൽ അടിച്ചുയർന്ന സ്നേഹത്തെ അമർത്താനും കഴിഞ്ഞിരുന്നില്ല. ഹുസൂർ 'ഫാസിലിക്ക' എന്ന ഈ സ്ഥലത്ത് വന്ന് എന്നെ കണ്ടാലും എന്നു പറഞ്ഞ് അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് കത്തെഴുതി. എന്റെ ഹൃദയം അങ്ങയെ വന്നുകാണാൻ കൊതിക്കുകയാണ്. ഇതുസംബന്ധമായി ഒരു ടെലഗ്രാമും അടിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനെഴുതിയ മറുപടിയിൽ നിന്ന് അവിടത്തെ ഹൃദയവിഷമം പ്രകടമാകുന്നുണ്ട്. അവിടന്ന് എഴുതുന്നു: എന്റെ പ്രിയപ്പെട്ട സ്നേഹിതൻ മിർസാ അയ്യൂബ് ബേഗ് സാഹിബും, എന്റെ പ്രിയപ്പെട്ട യഅ്ഖൂബ് ബേഗ് സാഹിബും അറിയുന്നതിന്, അസ്സലാമുഅലയ്ക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു, തലവേദനയും പനിയും ബാധിച്ച് ഞാനിപ്പോൾ സുഖമില്ലാതിരിക്കുകയാണ്. എനിക്ക് കമ്പിസന്ദേശം കിട്ടി. ഞാൻ എത്രത്തോളം മിർസാ അയ്യൂബ് സാഹിബിനുവേണ്ടി ദുആ ചെയ്യുന്നുവോ, അതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന് മാത്രമേയുള്ളൂ. അല്ലാഹുവിന്റെ കാരുണ്യത്തെതൊട്ട് ഒരിക്കലും നിരാശരാവരുത്. കഠിനമായ രോഗം എനിക്കുണ്ടായാൽപോലും ഞാൻ വരാൻ മടിക്കുകയില്ല, പക്ഷേ, ബുദ്ധിമുട്ടിലകപ്പെട്ടു കിടക്കുന്ന എന്റെ പ്രിയപ്പെട്ട സഹോദരങ്ങളെ കാണാനുള്ള കെല്പ് എനിക്കില്ല. എന്റെ മനസ്സ് പെട്ടെന്നാണ് ദുഃഖം പിടിച്ചെടുക്കുന്നത്. അതുകൊണ്ട് ആരോഗ്യാവസ്ഥയിലും സന്തോഷത്തിലും കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാനതിനായി അങ്ങേയറ്റം ശ്രമിക്കുന്നതാണ്. ഞാൻ ഏറ്റവും അടുത്തുള്ളതായി താങ്കൾ മനസ്സിലാക്കുക; ദൂരത്തല്ല. എന്റെ വേദന പ്രകടിപ്പിക്കാനുള്ള വാക്കുകൾ എന്റെ കൈയിലില്ല. അല്ലാഹുവിന്റെ കാരുണ്യത്തെത്തൊട്ട് നിരാശരാവാതിരിക്കുക. അല്ലാഹു വലിയ ദയയുടേയും അനുഗ്രഹങ്ങളുടേയും അധികാരിയാണ്. എന്റെ പ്രിയപ്പെട്ട അയ്യൂബ് ബേഗിനെ, ആരോഗ്യാവസ്ഥയിൽ കാണുക എന്നത് അല്ലാഹുവിന്റെ ദയയിൽനിന്നും അവന്റെ അനുഗ്രഹത്തിൽനിന്നും ശക്തിയിൽനിന്നും കരുണയിൽ നിന്നും അകന്നതല്ലല്ലോ? ഈ രോഗാവസ്ഥയിൽ കമ്പി എനിക്ക് കിട്ടിയപ്പോൾ, പേന കൈയിൽ നിന്ന് വഴുതിമാറുന്ന സ്ഥിതിയിലാണ് ഞാനുണ്ടായിരുന്നത്. (അതായത്, പേനപോലും പിടിക്കാൻ പറ്റാത്തതരത്തിലുള്ള വിഷമമാണ് കമ്പി കിട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായത്.) എന്റെ വീട്ടുകാരും അയ്യൂബ് ബേഗിനായി അങ്ങേയറ്റം വിഷമിക്കുന്നു. (ഹദ്റത്ത് അമ്മാജാനെക്കുറിച്ചാണ് പറയുന്നത്) ഈ കമ്പി കിട്ടിയ വിവരം അവരെ അറിയിക്കാൻ പറ്റാത്ത അവസ്ഥയാണ്. കാരണം ഇന്നലെ മുതൽ അവർക്കും പനി പിടിപെട്ടിരിക്കുന്നു. അവർ താഴത്തെ മുറിയിലാണുള്ളത്; ഞാൻ വരാന്തയിലും. എഴുതാൻ പറ്റിയ പരിതസ്ഥിതിയിലല്ല ഞാൻ. പക്ഷേ, കമ്പി സന്ദേശത്തിൽനിന്നുണ്ടായ അതിയായ വേദന, എന്നെ ഇപ്പോൾ എഴുന്നേല്പിച്ചിരുത്തി. എല്ലാ ദിവസവും രോഗവിവരം അറിയിക്കുന്നതിൽ എന്താണ് ബുദ്ധിമുട്ട്. ഞാനൊരു കുപ്പിയിൽ മരുന്നു കൊടുത്തയച്ചിരുന്നു. അതു കിട്ടിയോ ഇല്ലേ എന്നും അറിയില്ല. റയിൽവേ മുഖേനയാണ് അതയച്ചത്. മാലിശ് എല്ലാ ദിവസവും നടക്കുന്നുണ്ടോ ഇല്ലേ എന്നും അറിയുന്നില്ല. അല്ലാഹു സർവ്വശക്തനാണ്. (യഅ്ഖൂബ് ബേഗ് സാഹിബിനോട് പറഞ്ഞു) സാന്ത്വനപ്പെടുത്തിക്കൊണ്ടിരിക്കുക. വയറിളക്കം കൊണ്ടാണ് ആ ക്ഷീണമെന്ന് മനസ്സിലാകുന്നു. ഞാൻ പറഞ്ഞ മരുന്നുകൾ നിത്യവും കൊടുക്കുക. അദ്ദേഹത്തിന്റെ ക്ഷീണം അതിന്റെ പാരമ്യതയിൽ എത്തിയിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്."

വസ്സലാം,
വിനീതൻ, മിർസാ ഗുലാം അഹ്മദ്.

രോഗം കാരണത്താൽ അദ്ദേഹത്തെ കാണാൻ പോകാൻ കഴിഞ്ഞില്ല. രോഗിതനാകുമ്പോൾ മനുഷ്യർ സാധാരണയേക്കാൾ കൂടുതൽ ദയാലുവായിത്തീരുന്നു. തന്റെ ആ പരിതസ്ഥിതിയിൽ രോഗം പിടിപെട്ട ആരെയെങ്കിലും കാണുക എന്നത്, അതും അങ്ങേയറ്റം പ്രിയപ്പെട്ട ഒരാൾക്ക്, സഹിക്കാൻ കഴിയുന്നതല്ല. എന്നിട്ടും, തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി അങ്ങേയറ്റം ദുആ ചെയ്തു. നിത്യവും വിവരം അറിയിക്കാനും പറഞ്ഞു.

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ(റ) എഴുതുന്നു. അവിടന്ന് ആരേയും അവഗണിക്കുമായിരുന്നില്ല. ചിലയാളുകളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, അവർ ചോദിക്കുന്നതിനു മുമ്പേ അവരെ സഹായിക്കുക എന്നതും അവിടത്തെ മാമൂലിൽപ്പെട്ടതായിരുന്നു. 1904 ഡിസംബർ 28-ന് രാവിലെ, സുബ്ഹി നമസ്കാരത്തിനുമുമ്പേ, സ്വദേശം വെടിഞ്ഞ് അവിടെ വന്ന് താമസിക്കുന്ന ഒരാൾക്ക്, 'തണുപ്പുകാലമായി, വസ്ത്രം വേണ്ടിവരും' എന്ന് പറഞ്ഞ് എട്ടോ പത്തോ രൂപ നല്കി. അദ്ദേഹം ഒന്നും ആവശ്യപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ ആവശ്യം സ്വയം കണ്ടറിഞ്ഞുതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ തുക നല്കിയത്. ഇതൊരു സംഭവമാണ്. ഇതുപോലെ പല തവണയും സഹായിക്കുന്നതായി അദ്ദേഹം എഴുതുന്നു. രഹസ്യമായിട്ട് അവിടന്ന് ആവശ്യക്കാരുമായി ഈ രീതിയിൽ പെരുമാറാറുണ്ടായിരുന്നു. അതിൽ ശത്രുവെന്നോ മിത്രമെന്നോ ഹിന്ദുവെന്നോ മുസ്ലിമെന്നോ എന്നുള്ള വകഭേദം ഒന്നും കാണിച്ചിരുന്നില്ല.

ഇതാണ് ആ റഹ്മാനായ ദൈവത്തിന്റെ മഹനീയ ഗുണം. അത് ഇക്കാലത്ത് നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസൻ, ആ റഹ്മത്തുൻല്ലിൻ ആലമീനെ പിന്തുടർന്നുകൊണ്ട് നടപ്പിൽവരുത്തുകയും മാതൃക കാണിക്കുകയും ചെയ്തു. അതായത്, ചോദിക്കാതെ കൊടുക്കുക.

ഇപ്രകാരംതന്നെ മറ്റൊരു സംഭവമുണ്ട്. ഇർഫാനീ സാഹിബ്(റ) എഴുതുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ), ആരെങ്കിലും ചോദിച്ചിട്ടുകൊടുക്കാം എന്ന പ്രതീക്ഷയിലിരിക്കുമായിരുന്നില്ല. മറിച്ച്, ആവശ്യം കണ്ടറിഞ്ഞ് ആവശ്യക്കാരൻ ചോദിക്കുന്നതിനു മുമ്പേ അവരെ സഹായിക്കുമായിരുന്നു. അത് നേരിട്ടുതന്നെ നല്കുമായിരുന്നു. കാശ്മീരിലെ പെൻഷണർ ഇൻസ്പെക്ടറായിരുന്ന, ശേയ്ഖ് ഫതഹ് മുഹമ്മദ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് ദീർഘകാലമായി വരാറുള്ള ആളാണ്. അദ്ദേഹം പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ വരുമ്പോഴെല്ലാം, എന്റെ യാത്രാചെലവ് വഹിക്കാൻ എപ്പോഴും തയ്യാറായിരുന്നു. എന്നാൽ, എനിക്ക് അതിന്റെ ആവശ്യമില്ലായിരുന്നു. അതുകൊണ്ട് ഞാനൊരിക്കലും അത് വാങ്ങിയിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദാനശീലതയുടെ ആത്മാവ്, സഹായം തേടുന്നതിനു മുമ്പേ കൊടുക്കാൻ വ്യഗ്രത കാട്ടിയിരുന്നു. ഇത് എന്നോട് മാത്രമുള്ള പെരുമാറ്റമായിരുന്നില്ല. മിക്കവരോടും ഈ രീതിയിൽ തന്നെയാണ് പെരുമാറിയിരുന്നത്. ശാമിൽനിന്നും അറേബ്യയിൽനിന്നും ചിലർ വരാറുണ്ടായിരുന്നു. അവർക്കും അവിടന്ന് വഴിച്ചെലവിനായി പണം കൊടുക്കുമായിരുന്നു. കാരണം അവർ വളരെ ദൂരത്തുനിന്നാണ് വരുന്നതെന്ന് ആ മഹാത്മാവിന് അറിയാമായിരുന്നു. അടുത്തുനിന്ന് വരുന്നവർക്ക് മാത്രമല്ല.

ഇർഫാനീ സാഹിബ്(റ) എഴുതുന്നു. ആർക്കെങ്കിലും എന്തെങ്കിലും കൊടുക്കുന്നത് പ്രദർശനത്തിന്നായിട്ടായിരുന്നില്ല. മറിച്ച്, അല്ലാഹുവിന്റെ പ്രീതിയ്ക്കും അവന്റെ സൃഷ്ടികളോട് അനുകമ്പയോടെ പെരുമാറണം എന്ന വിചാരത്തോടുംകൂടി മാത്രമായിരുന്നു. അതുകൊണ്ടാണ് പൊതുവെ അവിടന്ന് രഹസ്യമായിട്ട് ഇക്കാര്യം നിർവ്വഹിച്ചുപോന്നത്. ചിലപ്പോൾ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതിനും, പ്രവർത്തനപരമായ പാഠം നല്കുന്നതിനുമായി പരസ്യമായിട്ടും ചെയ്യാറുണ്ടായിരുന്നു. രണ്ട് രീതിയിൽ ചെയ്യാനും അല്ലാഹുവിന്റെ നിർദ്ദേശമുണ്ട്. രഹസ്യമായിട്ട് എത്ര സൂക്ഷ്മമായിട്ടാണ് നല്കിയിരുന്നതെന്നുവെച്ചാൽ, വാങ്ങുന്ന ചിലർക്കുപോലും അതിനെക്കുറിച്ച് മനസ്സിലാക്കാൻ പ്രയാസമായിരുന്നു. ഇതു സംബന്ധമായ ഒരു സംഭവം പറയാം.

മുൻശീ മുഹമ്മദ് നസീബ് സാഹിബ് ഒരു യതീം എന്ന നിലയിലാണ് ഖാദിയാനിൽ വന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദയയും ഔദാര്യവുംകൊണ്ട് അദ്ദേഹം ഖാദിയാനിൽ താമസിച്ച് വിദ്യ അഭ്യസിച്ചു. അദ്ദേഹത്തിന്റെ ചെലവുകളും ആവശ്യങ്ങളുമെല്ലാം വഹിച്ചത് ജമാഅത്തായിരുന്നു. അദ്ദേഹം യുവാവായി വിവാഹം കഴിച്ചു. അപ്പോൾ ലാഹോറിലെ ഒരു പത്രമാപ്പീസിൽ ലേഖകനായി ജോലി കിട്ടി. പിന്നീട് ഖാദിയാനിലെ ബദ്ർ ഓഫീസിൽ മാസം 12 രൂപ ശമ്പളത്തിന് ജോലിയിൽ പ്രവേശിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യ്ക്ക് അല്ലാഹുതആല മൂത്തമകൻ നസീർ

അഹ്മദിനെ നല്കിയപ്പോൾ- അദ്ദേഹം ചെറുപ്പ ത്തിൽതന്നെ വഫാത്തായി- ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന് നസീർ അഹ്മദിനെ നോക്കുന്നതിനായി ഒരു വളർത്തമ്മയുടെ ആവശ്യം നേരിട്ടു. ഞാൻ (ഇർഫാനീ സാഹിബ്) ശേയ്ഖ് മുഹമ്മദ് നസീബ് സാഹിബിനോട് അത്തരം സാഹചര്യത്തിൽ ഭാര്യ യുടെ സേവനം എത്തിക്കാൻ പറഞ്ഞു. ഭൗതികവും ആത്മീയവുമായ പ്രതിഫലം ലഭിക്കുന്നതിനുള്ള അവ സരമാണിത്. ഒരു വീട്ടിൽ താമസിക്കുമ്പോൾ ഭക്ഷ ണചെലവും അതിനോടൊപ്പം നടക്കും. എന്റെ അഭി പ്രായത്തെ ശേയ്ഖ് സാഹിബ് മുഖവിലക്കെടുത്തു. അവർക്ക് ആ അവസരം ലഭിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ഭാര്യ, സാഹിബ്സാദ നസീർ അഹ്മദ് സാഹിബിന് പാലുകൊടുക്കാൻ നിയമിതയായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി സംസാരിക്കുന്നതിനിടയിൽ, ശേയ്ഖ് മുഹമ്മദ് നസീ ബിന് എത്ര ശമ്പളമാണ് കിട്ടുന്നതെന്ന് തിരക്കി. മാസം വെറും 12 രൂപയാണ് കിട്ടുന്നതെന്നറിഞ്ഞ പ്പോൾ ഇത്രമാത്രം ചുരുങ്ങിയ വരുമാനത്തിൽ കഴി യാനൊക്കുന്നുണ്ടാവില്ല എന്നോർത്തു വിഷമിച്ചു. വാസ്തവത്തിൽ അക്കാലത്ത് ഇതൊരു വലിയ തുകയായിരുന്നു. ചുരുങ്ങിയ ചെലവിൽ ജീവിക്കാ മെന്ന കാലഘട്ടമായിരുന്നു അത്. അവിടന്ന് ഒരിക്കൽ ശേയ്ഖ് സാഹിബിന്റെ വീട്ടിന്റെ അടുത്തൂടെ പോകു മ്പോൾ, 20, 25 രൂപയുടെ ഒരു കിഴി അദ്ദേഹത്തിന്റെ മുറിയിലേക്കിട്ടു. ഈ പൈസ എവിടെന്ന് എങ്ങനെ വന്നു എന്നോർത്തു ശേയ്ഖ് സാഹിബ് ചിന്തയിലാ ണ്ടു. അവസാനം തന്റെ ഞെരുക്കം മനസ്സിലാക്കി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം അവിടെ വെച്ചതാണെന്ന് അദ്ദേഹത്തിന് മനസ്സിലായി; വിഷ മിക്കാതെ, സുഖകരമായ നിലയിൽ ജീവിതം കഴി ക്കുന്നതിനുവേണ്ടി. ആ പൈസയ്ക്ക് അത്ര വലിയ ആവശ്യം തനിക്കുണ്ടായിരുന്നില്ലെന്ന് ശേയ്ഖ് സാഹിബ് പറയുമായിരുന്നു. പിന്നീട് ആ പൈസ കൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ ആഭരണം വാങ്ങി. കാരണം ഭക്ഷണചെലവ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വീട്ടിൽനിന്നുതന്നെ നടക്കുമായിരുന്നു.

ഇർഫാനീ സാഹിബ്(റ) എഴുതുന്നു: ഖാദിയാ നിൽ നഹാൻസിംഗ് എന്നു പേരുള്ള, ഒരു ജട്ട് താമ സിച്ചിരുന്നു. യുവത്വകാലത്ത് ഏതോ സൈന്യത്തി ലായിരുന്നു ജോലി. അദ്ദേഹത്തിന് പെൻഷൻ കിട്ടി യിരുന്നു. അദ്ദേഹത്തിന്റെ വീട് ജനാബ് ഖാൻ ബഹാ ദൂർ മീർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ പൂമുഖത്തോടു ചേർന്നായിരുന്നു. ജമാഅത്തിന്റെ വലിയ ശത്രുവായിരുന്ന അയാളുടെ അന്യാ യത്തിന്റെ അടിസ്ഥാനത്തിൽ ഹക്കീമുൽ ഉമ്മ ത്തിനും മറ്റു ചില അഹ്മദികൾക്കുമെതിരിൽ കള്ള ക്കേസ്സ്വരെ അയാൾ ഫയൽ ചെയ്തു. അതായത്, ഖലീഫത്തുൽ മസീഹ് അവ്വലിനും, മറ്റു ചില അഹ്മ ദികൾക്കുമെതിരെ അയാൾ കള്ളക്കേസ് കൊടുത്തു. മറ്റുള്ളവരുമായിച്ചേർന്ന് അഹ്മദികളെ അയാൾ ബുദ്ധി മുട്ടിച്ചു. ചീത്തപറയുക എന്നത് അയാളുടെ മാമൂലാ യിരുന്നു. കേസ്സ് ഫയൽ ചെയ്ത ഈ ദിവസങ്ങളിൽ, അയാളുടെ സഹോദരപുത്രൻ സൻതാസിംഗിന്റെ ഭാര്യ സുഖമില്ലാതായി. കസ്തൂരിയുടെ ആവശ്യം നേരിട്ടു. മറ്റെവിടെനിന്നും ഇതു കിട്ടിയില്ല. എന്നല്ല, ഇത് വളരെ വിലപിടിച്ച സാധനവുമാണ്. അയാൾ ഹദ്റത്ത് അഹ്മദ്(അ)ന്റെ വീട്ടുപടിക്കൽ വന്നു. കസ്തൂരി ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അകത്തുനിന്ന് പെട്ടെന്ന് ഇറങ്ങിവന്നു. അല്പം പോലും അയാളെ താമസിപ്പിച്ചില്ല. കേട്ടുടനെ വീട്ടി നുള്ളിലേക്ക് പോയി പറഞ്ഞത്ര കസ്തൂരി കൊണ്ടു കൊടുത്തു. നോക്കുക, ആവശ്യക്കാരൻ ആരാണെന്ന് അവിടന്ന് നോക്കിയില്ല. ശത്രുവാണോ അല്ലേ എന്ന ന്വേഷിച്ചില്ല. അതവരുടെ പ്രവൃത്തിയാണല്ലോ. ഒരു രോഗിണിയുടെ ജീവൻ രക്ഷിയ്ക്കുന്നതിനായി ഒരു മരുന്ന് വേണമെന്ന് കണ്ടു. ഉടനെതന്നെ അത് കൊടു ക്കുകയും ചെയ്തു. പകരം വീട്ടാൻ മുതിരുകയോ, കേസ് കൊടുത്തതെന്തിനാണെന്ന് ചോദിക്കുകയോ ചെയ്തില്ല.

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാ നീ(റ) പറയുന്നു: ലുധിയാനയിലെ വ്യാപാരിയായ ഹാഫിസ് നൂർ അഹ്മദ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പഴയസുഹൃത്തുക്കളിൽ പെട്ടയാ ളാണ്. അദ്ദേഹത്തിന് തന്റെ കച്ചവടത്തിൽ ഒരിക്കൽ വൻനഷ്ടമുണ്ടായി. കച്ചവടം നിലച്ചതുപോലെയായി. മറ്റേതെങ്കിലും സ്ഥലത്ത് പോയി വേറെന്തെങ്കിലും കച്ചവടം ചെയ്യാമെന്ന് അദ്ദേഹം ആലോചിച്ചു. അങ്ങനെ അദ്ദേഹം പോയിട്ട് വർഷങ്ങൾക്കുശേഷ മാണ് ഇപ്പോൾ വന്നത്. ഹദ്റത്ത് മസീഹ് മൗഊദു (അ)മായി മുടങ്ങാതെ എഴുത്തുകുത്തുകൾ നടത്തു ന്നുണ്ടായിരുന്നു. ജമാഅത്തിനുവേണ്ടി സാമ്പത്തി കത്യാഗം കഴിവിന്റെ പരമാവധി നിർവ്വഹിച്ചുപോന്നു. ഖാദിയാനിൽ താമസിച്ചിരുന്ന കാലത്ത്തന്നെ ഇർഫാനീ സാഹിബ്(റ) ഇതെല്ലാം രേഖപ്പെടുത്തിയി ട്ടുണ്ട്. അദ്ദേഹം പറയുന്നു. ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ ദാനശീലത്തേയും ഔദാര്യത്തേയും കുറിച്ച് ഞാൻ ഒരേയൊരു കാര്യം പറയാം. 'അല്പം കൊടുക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറി യുകയില്ലായിരുന്നു' എന്നതാണത്. തന്റെ സ്വന്തം

കാര്യം വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു. ഞാൻ ഒരു യാത്ര ചെയ്യാൻ തീരുമാനിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് കുറച്ച് പണം ചോദിച്ചു. അവിടന്ന് ചെറിയൊരു പണപെട്ടി എടുത്തുകൊണ്ടു വന്നു. അത് എന്റെ മുമ്പിൽവെച്ചു. എത്ര വേണമെങ്കിലും എടുത്തുകൊള്ളുക എന്നു പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അതിൽ വളരെ സന്തോഷമുണ്ടായിരുന്നു. ഞാൻ എനിക്ക് ആവശ്യമുള്ള പണം അതിൽ നിന്ന് എടുത്തു. എന്നിട്ടും അവിടന്ന് മുഴുവനും എടുത്തുകൊള്ളുക എന്ന് പറഞ്ഞുകൊണ്ടിരുന്നു.

ഹദ്റത്ത് മൗലവി അബ്ദുൽകരീം(റ) സാഹിബ് എഴുതുന്നു. ചില സമയത്ത് മരുന്നുവാങ്ങാനായി ദൂരത്തുനിന്ന് സ്ത്രീകൾ എത്താറുണ്ടായിരുന്നു. 'മീർസാ ജി, ദരാ ദർവാസ ഘോലോ' എന്ന് നാടൻഭാഷയിൽ അവർ പറയും. വലിയ യജമാനന്റെ കല്പന കേട്ടതുപോലെ അവിടന്ന് എഴുന്നേറ്റ് ഓടിയെത്തും. സന്തോഷത്തോടെ അവരുമായി സംസാരിക്കുകയും മരുന്ന് കൊടുക്കുകയും ചെയ്യും.

മൗലവി അബ്ദുൽകരീം സാഹിബ്(റ) എഴുതുന്നു. ഒരു സ്ത്രീ കരഞ്ഞുകൊണ്ട് അതും ഇതും പറയാൻ തുടങ്ങി. ഒരു മണിക്കൂറോളം അവർ സമയം നഷ്ടപ്പെടുത്തി. എങ്കിലും അവിടന്ന് ശ്രദ്ധയോടെ അവർ പറയുന്ന കാര്യങ്ങൾ കേട്ടു. സൂചനകൊണ്ടോ, വ്യക്തമായോ, 'എനിക്ക് സമയം പാഴാകുന്നു അതുകൊണ്ട് പൊയ്ക്കോ' എന്നു പറഞ്ഞില്ല. ഒരിക്കൽ ഒരുപാട് ഗ്രാമീണ സ്ത്രീകൾ കുട്ടികളെ കാണിക്കാൻ വന്നു. ഉള്ളിൽനിന്ന് സർബത്തുമായി ചില പരിചാരികമാരും വന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)നാണെങ്കിൽ ഒരു പ്രധാന ലേഖനവും തയ്യാറാക്കണമായിരുന്നു. ഞാനും ആ സമയത്ത് അവിടെ എത്തിപ്പെട്ടു. എന്താണ് കാണുന്നത്, ഭൗതികകാര്യങ്ങളിൽ ഡ്യൂട്ടി കൊടുത്തുകൊണ്ട് ഉന്മേഷവാനായി ഒരുവൻ നില്ക്കുന്നതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉന്മേഷവാനായി നില്ക്കുന്നു. മുമ്പിൽ അഞ്ചാറ് മരുന്ന് പെട്ടികളുണ്ടായിരുന്നു. ചെറിയ ചെറിയ കുപ്പികളിൽ സ്ത്രീകൾക്ക് മരുന്നു കൊടുത്തുകൊണ്ടിരുന്നു. മൂന്ന് മണിക്കൂർ ഇത് തുടർന്നു. അതിൽ നിന്ന് വിരമിച്ചപ്പോൾ ഞാൻ ചോദിച്ചു, "ഹുസൂർ ഇതൊരു വിഷമം പിടിച്ച പണിയാണല്ലോ. ഇങ്ങനെ വിലപിടിച്ച ഒരുപാട് സമയമല്ലേ നഷ്ടമാകുന്നത്." അല്ലാഹ്, അല്ലാഹ് എത്ര സമാധാനത്തോടും ശാന്തിയോടും കൂടിയാണ് എനിക്ക് മറുപടി തന്നതെന്ന് നോക്കുക. 'ഇതും ദീനീപരമായ ജോലിയാണ്. ഇവർ മിസ്ക്കീന്മാരാണ്. ആശുപത്രികളൊന്നും ഇവിടെയില്ല. ഞാനിവർക്കുവേണ്ടി എല്ലാതരം അലോപ്പതി യൂനാനി മരുന്നുകൾ വാങ്ങിവയ്ക്കാറുണ്ട്. അത് സന്ദർഭോചിതം പ്രയോജനപ്പെടുന്നു. പറഞ്ഞു: ഇത് വലിയ പ്രതിഫലാർഹമായ ജോലിയാണ്.

നോക്കുക, മൂന്നു മണിക്കൂർ ആ സ്ത്രീകൾക്കുവേണ്ടി ചെലവഴിച്ചു. അത്യാവശ്യമായ ഒരു ഗ്രന്ഥം എഴുതുകയായിരുന്നു അദ്ദേഹം എന്നോർക്കണം. അത് വേഗത്തിൽ എഴുതുകയും വേണമായിരുന്നു. എന്നിട്ടും, ആ ജോലി മാറ്റിവെച്ച് അവർക്ക് സേവനം ചെയ്തു.

പറയുന്നു: ഇത് വലിയ പ്രതിഫലാർഹമായ പണിയാണ്. സത്യവിശ്വാസികൾ ഇതിൽ അലസതയും മടിയും കാണിക്കരുത്. ഞാൻ കുട്ടികളെക്കുറിച്ചാണ് പറഞ്ഞത്. സാധാരണ പരിചാരികമാരോടും അവിടന്ന് ഇങ്ങനെയാണ് പെരുമാറിയിരുന്നത്. അവർ പലപ്പോഴായി ഓടിവന്നു, ആവശ്യമുള്ള ഒരോ സാധനം ചോദിക്കുന്നു. വീണ്ടും അതുതന്നെ ചോദിക്കുന്നു. 'എന്തിനാണ് ബുദ്ധിമുട്ടിയ്ക്കുന്നത്, ആവശ്യമുള്ളത് ഒരിക്കൽ വന്നു വാങ്ങിക്കൂടെ!' എന്ന് ചോദിക്കുന്നില്ല. പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്, അവിടത്തെ കുട്ടികളും മറ്റു കുട്ടികളും കട്ടിലിൽ കയറിയിരിക്കുകയും പക്ഷികളുടേയും തവളകളുടേയും കഥകൾ കേൾപ്പിക്കുകയും ചെയ്യുന്നു. അവിടന്ന് മൗലാനാ റൂമിയുടെ മസ്നവി കേൾക്കുന്നതുപോലെ സന്തോഷത്തോടെയിരുന്ന് കേൾക്കുന്നു. മണിക്കൂറുകളോളം അതു തുടരുന്നു.

കുട്ടികളെ വഴക്കു പറയുന്നതിനും അടിക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ) എതിരായിരുന്നു. കുട്ടികൾ എത്ര കുസൃതിയാണെങ്കിലും വേണ്ടില്ല. പിടിവാശി കാണിച്ചാലും വേണ്ടില്ല. ചോദിച്ച് ചോദിച്ച് ബുദ്ധിമുട്ടിച്ചാലും വേണ്ടില്ല. അനാവശ്യമായി ചോദിച്ചാലും വേണ്ടില്ല. അനാവശ്യം കാണിക്കുന്നതിനായി അതിരുവിട്ട് നിർബന്ധിച്ചാലും വേണ്ടില്ല. എന്നാലും അവിടന്ന് ഒരിക്കലും ദ്വേഷപ്പെടുകയോ വെറുപ്പ് പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ല.

ഞാൻ മുമ്പേയും ഒരിക്കൽ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ ഡാക്ടറന്മാർ ഈ മാതൃക എപ്പോഴും മുന്നിൽവയ്ക്കേണ്ടതാണ്. അവരുടെ ജോലിതന്നെ രോഗികളെ ചികിത്സിക്കുക എന്നതാണല്ലോ. മറ്റൊരു പണിയുമില്ല. രോഗികളുടെ വികാരം മനസ്സിലാക്കുകയും സന്തോഷത്തോടെ അവരോട് പെരുമാ

റുകയും ചെയ്യേണ്ടത് ഒരു ഡാക്ടറുടെ ധർമ്മമാണ്. പ്രത്യേകിച്ച്, ജീവിതം വഖ്ഫ് ചെയ്ത് സേവനം ചെയ്യുന്ന ഡാക്ടറന്മാർ. കാരണം രോഗിയുടെ പകുതി രോഗം ഡാക്ടർ നല്ലനിലയിൽ പെരുമാറുമ്പോൾതന്നെ അകന്നുപോകും. ഇതിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ട തുണ്ട്.

ചിലയാളുകൾ അവിടത്തെ അനുകമ്പയും ദയ യും ഒരുപാട് മുതലാക്കിയിരുന്നു. ഹദ്റത്ത് യഅ ്ഖൂബ് അലി സാഹിബ് ഇർഫാനീ(റ) ഒരു സംഭവം വിവരിക്കുന്നു. ഒരു മുൻശി ഗുലാം അഹ്മദ് അമൃത സരി ഉണ്ടായിരുന്നു. നല്ല പകർപ്പെഴുത്തുകാരനായി രുന്നു അയാൾ. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യ കാലങ്ങളിൽ മുൻശീ മുഹമ്മദുദീൻ സാഹിബ് അമൃ തസരിയെക്കൊണ്ടാണ് ജോലി ചെയ്യിച്ചിരുന്നത്. ബറാ ഹീനെ അഹ്മദിയ്യായുടെ ആദ്യ മൂന്ന് ഭാഗം, ശഹ്നയെ ഹഖ്, സുർമ ചശ്മആര്യ തുടങ്ങിയവയും അദ്ദേഹമാണ് പകർത്തിയെഴുതിയത്. ആയിനയെ കമാലാത്തെ ഇസ്‌ലാമിന്റെ അധികഭാഗവും അദ്ദേ ഹമാണ് എഴുതിയത്. പിന്നീട് അവിടന്ന് മുൻശി ഗുലാം അഹ്മദ് സാഹിബിനെക്കൊണ്ട് ആ ജോലി ചെയ്യിച്ചു. പറയുന്നു: മുൻശി ഗുലാം അഹ്മദ് സാഹിബും അഹംഭാവം കാണിക്കാറുണ്ടായിരുന്നു. വിവിധരീതിയിൽ, നിശ്ചിതതുകയേക്കാൾ ശമ്പളം പറ്റിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇക്കാ ര്യങ്ങൾ അറിയാമായിരുന്നു. എങ്കിലും, ചിരിച്ചു കൊണ്ട് അവിടന്ന് കണ്ടില്ലാന്ന് നടിച്ചു. ഒരു ദിവസം സുഹ്ർ നമസ്കാരത്തിനായി അവിടന്ന് പള്ളിയിൽ വന്നു. സാധാരണ ഫർസ് നമസ്കരിച്ചിട്ട് വീട്ടിലേക്ക് പോകുകയായിരുന്നു അവിടത്തെ പതിവ്. ചിലപ്പോൾ പള്ളിയിൽത്തന്നെ അല്പം ഇരിക്കുകയും ചെയ്യും. അന്ന് സുഹ്ർ നമസ്കാരത്തിനുശേഷം നല്ലവണ്ണം ചിരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: "ഇന്നൊരത്ഭുത കരമായ സംഭവമുണ്ടായി. ഞാൻ എഴുതിക്കൊണ്ടി രിക്കുകയായിരുന്നു. മുൻശി ഗുലാം മുഹമ്മദ് സാഹി ബിന്റെ മകൻ നിലവിളിച്ചുകൊണ്ട് ഓടി എന്റെയടു ക്കൽ വന്നു. പിന്നാലെ മുൻശിസാഹിബും ചെരിപ്പ് കൈയിൽപിടിച്ച്, 'പുറത്തുവന്നാൽ നിന്നെ കൊല്ലു മെടാ' എന്നുംപറഞ്ഞ് ബഹളമുണ്ടാക്കിവന്നു. ഞാനത് ചെയ്യും ഇത് ചെയ്യുമെന്നൊക്കെ ഉറക്കെ വിളിച്ചുകൂ വുന്നുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ബഹളം കേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വെളിയിൽ വന്നു. മുൻശി സാഹിബേ എന്താണുണ്ടായതെന്ന് ചോദി ച്ചു. മുൻശി സാഹിബ് അപ്പോഴും പറഞ്ഞുകൊണ്ടി രുന്നത് ഇന്ന് ഞാനവനെ കൊല്ലുമെന്നാണ്. അവ സാനം ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്താണു ണ്ടായതെന്ന് പറയാൻ അദ്ദേഹത്തോട് പറഞ്ഞപ്പോൾ പറഞ്ഞു: "ഞാനൊരു പുതിയ ചെരുപ്പ് വാങ്ങി അവന് കൊടുത്തു. അവനത് നഷ്ടപ്പെടുത്തിക്കളഞ്ഞു. ഇതു കേട്ടപ്പോൾ മസീഹ് മൗഊദ്(അ) ചിരിച്ചുകൊണ്ട് പറ ഞ്ഞു. അത്രയേയുള്ളൂ. ഇതിലിത്ര ബഹളം വെയ്ക്കാ നെന്തിരിക്കുന്നു? ഞാനൊരു ചെരുപ്പ് വാങ്ങിത്തരാം. (യഥാർത്ഥത്തിൽ പുതിയ ചെരുപ്പ് വാങ്ങിക്കൊ ടുത്തോ ഇല്ലേ എന്നറിയില്ല. എന്തായാലും കുട്ടിക്ക് പുതിയ ചെരുപ്പ് വാങ്ങിക്കൊടുക്കണമായിരുന്നു. അതുകൊണ്ടാണ് ഇങ്ങനെയൊക്കെ ബഹളം കൂട്ടി യത്.)

പറയുന്നു: "ശമ്പളത്തിനു പുറമെ സാധനവും മറ്റും വാങ്ങാനുള്ള ചെലവ് ഹദ്റത്ത് മസീഹ് മൗഊ ദ്(അ) അദ്ദേഹത്തിന് കൊടുക്കുമായിരുന്നു. ഭക്ഷണ മാണെങ്കിൽ മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽനിന്ന് കഴിക്കുകയും ചെയ്യും. തണുപ്പുകാലം വന്നാൽ, കിട ക്കയും കോട്ടും മറ്റു ചൂടുവസ്ത്രങ്ങളുമെല്ലാം അവി ടന്ന് തന്നെ വാങ്ങിക്കൊടുക്കും. ഇങ്ങനെയൊക്കെ യാണെങ്കിലും ഇപ്പറഞ്ഞതുപോലെ ഓരോന്ന് കാണിച്ച് കാര്യം നേടുകയും ചെയ്യും. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കലും അദ്ദേഹ ത്തോട് വെറുപ്പ് കാണിക്കുകയോ അദ്ദേഹത്തെ പിരി ച്ചുവിടുകയോ ചെയ്തില്ല. മറിച്ച്, അദ്ദേഹത്തിന്റെ ഓരോ തെറ്റുകളും അവിടന്ന് സഹിച്ചുകൊണ്ടിരുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു. ഫക്കീർ മുഹമ്മദ് സാഹിബ് ബഢ്ഈ രേഖാമൂലം എന്നോട് പറഞ്ഞു. കൃഷിപ്പണിയായി രുന്നു ഞങ്ങളുടെ ജോലി. ഒരിക്കൽ മഴ വളരെ കുറ ച്ചേയുണ്ടായിരുന്നുള്ളൂ. വിളവ് നശിച്ചു. ആഹാരത്തി നുള്ള ധാന്യംപോലും വളരെ കുറവായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാര്യസ്ഥൻ ഹാമിദ് അലി സാഹിബ് കണക്കുകൾ നോക്കി ഇട പാട് തീർക്കാൻ ഞങ്ങളുടെയടുക്കൽ വന്നു. ഞങ്ങ ളെല്ലാവരും ഒറ്റക്കെട്ടായി, വിളവ് വളരെ മോശമാ ണെന്നും ഇപ്പോൾ ഇടപാട് തീർത്താൽ തങ്ങൾ ബുദ്ധിമുട്ടുമെന്നും അദ്ദേഹത്തോട് പറഞ്ഞു. ഹാമിദ് അലി സാഹിബ് തിരിച്ചുപോയി. മസീഹ് മൗഊദ്(അ) നോട് ആ വിവരം പറഞ്ഞു. അപ്പോൾ അവിടന്ന് പറഞ്ഞു: "അടുത്തവർഷം ഇടപാട് തീർത്താൽ മതി. ഇപ്പോൾ അവരോട് ദയ കാണിക്കുക." അങ്ങനെ അടുത്തവർഷം നല്ല വിളവുണ്ടാകുകയും രണ്ടു വർഷത്തേയും ഇടപാടുകൾ ഭംഗിയായി തീർക്കു കയും ചെയ്തു.

അവിടന്ന് ദരിദ്രരോട് ഒരുപാട് അലിവ് കാണി

ച്ചിരുന്നു. അഹ്മദികൃഷിക്കാർ ഇക്കാര്യം പ്രത്യേകം ഓർമ്മവയ്ക്കേണ്ടതാണ്. ഞാൻ വഖ്ഫെ ജദീദിന്റെ വിളംബരം ചെയ്ത ഖുത്ബയിൽ പറഞ്ഞിരുന്നതു പോലെ സിന്ധിലെ കൃഷിക്കാരോട് പ്രത്യേകിച്ചും, ഘർ പ്രദേശത്തെ ദരിദ്രരായ ആളുകൾ നിങ്ങളുടെ അടുക്കൽ വരുമ്പോൾ അവരോട് ദയയോടുകൂടി പെരുമാറേണ്ടതാണ്. അവർക്ക് വേതനം മുഴുവനും കൊടുക്കുകയും വേണം. എത്ര നന്നായി പെരുമാറാൻ കഴിയുമോ അത്രയും നന്നായിട്ട് പെരുമാറേണ്ടതാണ്. ഇതും തബ്ലീഗിനുള്ള വലിയൊരു മാർഗ്ഗമാണ്.

മനുഷ്യരോട് മാത്രമല്ല നബി(സ) തിരുമേനിയുടെ സുന്നത്തിനെ പിൻപറ്റിക്കൊണ്ട് മറ്റു സൃഷ്ടികളോടും അവിടന്ന് ദയ കാണിച്ചിരുന്നു. നബി(സ) തിരുമേനിക്കുശേഷം ആ സുന്നത്തിന്റെ ഏറ്റവും വലിയ മാതൃക അവിടന്നായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എഴുതുന്നു. ഒരിക്കൽ മിയാൻ (ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് സാഹിബ്) പൂമുഖത്തിന്റെ കതക് അടച്ചിട്ട് മുറിക്കുള്ളിലെ പക്ഷികളെ വേട്ടയാടുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജുമുആ നമസ്കാരത്തിന് വെളിയിലേക്ക് പോകുമ്പോൾ അത് കണ്ടു. അദ്ദേഹം പറഞ്ഞു: “മിയാ, വീട്ടിലെ പക്ഷികളെ ആരും വേട്ടയാടാറില്ല. ആർക്കാണോ ദയയില്ലാത്തത് അവനിൽ ഈമാനും ഉണ്ടാകുകയില്ല.” അവിടന്ന് ആ പക്ഷികളോട് ദയ കാണിച്ചതോടൊപ്പം കുട്ടികളെ ഉപദേശിക്കുകയും ചെയ്തു. നിങ്ങളുടെ ഈമാനെ നിലനിറുത്തണമെങ്കിൽ മനസ്സിൽ ദയയും ഉണ്ടാക്കേണ്ടതാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പറയുന്നു. ഖാജാ അബ്ദുർറഹ്മാൻ സാഹിബ് എന്നൊരാളുണ്ടായിരുന്നു. അദ്ദേഹം കശ്മീർ വാസിയാണ്. അദ്ദേഹം മിർസാ ബശീർ അഹ്മദ് സാഹിബിനെ കത്തിലൂടെ ഒരു നിവേദനം അറിയിച്ചു: ‘ഒരു വലിയ നായ ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടിൽ കയറി. കുട്ടികളായ ഞങ്ങൾ കതകടച്ച് അതിനെ കൊല്ലാൻ തീരുമാനിച്ചു. എന്നാൽ, നായ ബഹളം കൂട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അതറിഞ്ഞു. അവിടന്ന് ഞങ്ങളോട് വെറുപ്പ് പ്രകടിപ്പിച്ചു. ഞങ്ങൾ വാതിൽ തുറന്ന് നായയെ വെളിയിൽ വിട്ടു. മൃഗത്തിന്റെമേൽ അക്രമം കാണിക്കുന്നതും അവിടന്ന് സഹിച്ചിരുന്നില്ല.

ഒരു സാധുവിനോട് സഹതാപം കാണിച്ചുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ അയാൾക്കുവേണ്ടി പൊറുക്കലിനെ തേടിയ ഒരത്ഭുത സംഭവമുണ്ട്. ഹദ്റത്ത് പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി വിവരിക്കുന്നു. 18, 20 വയസ്സുള്ള ഒരു ചെറുപ്പക്കാരൻ രോഗബാധിതനായി. ഏതോ ഒരു ഗ്രാമത്തിൽനിന്ന് അയാളെ ബന്ധുക്കൾ ചികിത്സാർത്ഥം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ കൊണ്ടുവന്നതാണ്. ഖാദിയാനിൽവന്ന് കുറച്ചു ദിവസത്തിനുശേഷം അയാൾ മരിച്ചു. വൃദ്ധയായ ഉമ്മ മാത്രമേ കൂടെയുണ്ടായിരുന്നുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളുടെ ജനാസ നമസ്കരിപ്പിച്ചു. അതെത്രമാത്രം ദീർഘിച്ചു എന്നു പറഞ്ഞാൽ ചിലർ തലചുറ്റിവീഴുകപോലും ചെയ്തു. ചിലർ പരിഭ്രമചിത്തരായി. അത്രമാത്രം ദീർഘമായിരുന്നു ആ നമസ്കാരം. സലാം വീട്ടിയതിനുശേഷം പറഞ്ഞു: “നാം ഇപ്പോൾ ആർക്കുവേണ്ടിയാണോ ജനാസ നമസ്കരിച്ചത് അയാൾക്കായി ഒരുപാട് ദുആ ചെയ്തു. അയാളെ സ്വർഗ്ഗത്തിൽ പ്രവേശിച്ചിപ്പ് അതിൽ അയാൾ നടക്കുന്നത് കാണാതെ നാം പ്രാർത്ഥന മതിയാക്കിയില്ല. അയാൾക്ക് പൊറുക്കപ്പെട്ടു. അയാളെ കബറടക്കി. അയാളുടെ വൃദ്ധയായ മാതാവ്, തന്റെ മകൻ സ്വർഗ്ഗത്തിൽ സുഖമായി ഉലാത്തുന്നത് രാത്രിയിൽ സ്വപ്നത്തിൽ കണ്ടു. അയാൾ തന്റെ ഉമ്മയോട് പറഞ്ഞു: ഹദ്റത്ത് സാഹിബിന്റെ ദുആ മുഖേന ഞാൻ പൊറുക്കപ്പെട്ടു. എന്നിൽ കരുണ ചൊരിഞ്ഞു. സ്വർഗ്ഗത്തിൽ എന്നെ താമസിപ്പിക്കുകയും ചെയ്തു.

ജനങ്ങളെ അല്ലാഹുവിന്റെ സമീപത്ത് കൊണ്ടുവരാനും സത്യം അറിയിച്ചുകൊടുക്കാനും അവരെ ശിക്ഷയിൽനിന്ന് രക്ഷിക്കാനും വേണ്ടി മസീഹ് മൗഊദ്(അ)നുണ്ടായിരുന്ന ദയ വളരെ വലുതായിരുന്നു. ഇതുസംബന്ധിച്ച് ഒരു ഉദാഹരണം കേൾക്കുക.

ഹദ്റത്ത് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) പറയുന്നു. ഹദ്റത്ത് മഖ്ദൂമുൽ മില്ലത്ത് മൗലാനാ മൗലവി അബ്ദുൽകരീം സാഹിബ്(റ) ഒരിക്കൽ പറഞ്ഞു. ബൈത്തുദ്ദുആയുടെ മുകളിലായിരുന്നു ഞാൻ താമസിച്ചിരുന്ന മുറി. ഞാനതിനെ ബൈത്തുദ്ദുആ പോലെതന്നെ ഉപയോഗിച്ചിരുന്നു. ഇവിടെനിന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രാർത്ഥനാവിലാപം കേൾക്കാറുണ്ടായിരുന്നു. (അതായത്, അതിനോട് ചേർന്നുതന്നെയായിരുന്നു അദ്ദേഹം താമസിച്ചിരുന്ന മുറി) ഹുസൂർ അവിടെ നമസ്കരിക്കുകയും ദുആ ചെയ്യുകയും ചെയ്യുമ്പോൾ ഹുസൂറിന്റെ കരച്ചിൽ ഞാൻ കേൾക്കുമായിരുന്നു. അവിടത്തെ ശബ്ദത്തിൽ ഉണ്ടായിരുന്ന വേദനയും പുകച്ചിലും എത്രമാത്രമായിരുന്നുവെന്നു

വെച്ചാൽ കേൾക്കുന്നവരുടെ പിത്താശയം ആവിയായിപ്പോകുമായിരുന്നു. പ്രസവവേദനകൊണ്ട് പുളയുന്ന ഒരുവളെ പോലെ അവിടന്ന് അല്ലാഹുവിന്റെ മുമ്പിൽ വിഷമിച്ച് വിലപിക്കുമായിരുന്നു. അദ്ദേഹം പറയുന്നു ഞാൻ വളരെ ശ്രദ്ധിച്ചപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികൾ പ്ലേഗ് എന്ന മഹാമാരിയിൽനിന്ന് രക്ഷപ്പെടുന്നതിനായി അവിടന്ന് ദുആ ചെയ്യുകയാണെന്ന് മനസ്സിലായി: "ഇലാഹീ, ഇവർ പ്ലേഗ് ബാധയേറ്റ് നശിക്കുകയാണെങ്കിൽ പിന്നെ നിന്നെ ആരാധിക്കാൻ ആരാണുണ്ടാവുക."

ഇതാണ് ഹദ്റത്ത് അബ്ദുൽ കരീം സിയാൽകോട്ടി(റ)ന്റെ വിവരണത്തിന്റെ ചുരുക്കം. പ്ലേഗ് വന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരേയും നിഷേധിക്കുന്നവരേയും തമ്മിൽ വേർപെടുത്തി ദൃഷ്ടാന്തം കാണിക്കാനാണ്. എന്നിട്ടും അവിടന്ന് രാത്രിയുടെ കൂരിരുട്ടിൽ തനിച്ച് നിന്നുകൊണ്ട് ശത്രുക്കൾ ഉൾപ്പെടുന്ന ജനങ്ങളുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുന്നു; സൃഷ്ടികൾ സുഖസുഷുപ്തിയിലാണ്ടിരിക്കുമ്പോൾ അവിടന്ന് എഴുന്നേറ്റ് അവർക്കായി പ്രാർത്ഥിക്കുന്നു, കരയുന്നു. സൃഷ്ടികളോടുള്ള അലിവ് ഹദ്റത്ത് മസീഹ് മൗഊദിൽ അതുല്യമായിരുന്നു.

ഇതാണ് സൃഷ്ടികളോടുള്ള അനുകമ്പയും അവരോടുള്ള ദയയും. അല്ലാഹു അവിടത്തെ സത്യത വെളിപ്പെടുത്തുന്നതിനായി അടയാളം കാണിക്കുന്നു. അവിടന്നാണെങ്കിൽ അവരെ ശിക്ഷയിൽ നിന്ന് രക്ഷിക്കാനും സത്യത്തിന്റെ തിരിച്ചറിവ് അവരുടെ മനസ്സിൽ ഇടുന്നതിനും വേണ്ടി പ്രാർത്ഥിക്കുന്നു. ഇതാണ് തന്റെ യജമാനന്റെ മാതൃകയനുസരിച്ചിട്ടുള്ള കർമ്മം. നബി(സ) തിരുമേനിയെ ആളുകൾ മുറിപ്പെടുത്തിയപ്പോൾ മലക്കുകൾ പറഞ്ഞു, ഞങ്ങൾ ഈ മലകൾ വീഴ്ത്തി ഇവരെ നശിപ്പിക്കാം. അപ്പോൾ അവിടന്ന് പറഞ്ഞു. പാടില്ല, ഇവരിൽനിന്ന് അല്ലാഹുവിനെ ആരാധിക്കുന്നവർ ജന്മംകൊള്ളുന്നതാണ്. അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

അല്ലാഹുവിന്റെ സൃഷ്ടിയുടെ ആത്മീയാവസ്ഥ നന്നാക്കിത്തീർക്കുന്നതിനു വേണ്ടി എത്രമാത്രം അനുകമ്പയും ആവേശവുമായിരുന്നു ആ മഹാത്മാവിലുണ്ടായിരുന്നത്. അതിന്റെ പ്രകടനം അവിടത്തെ ഈ വചനങ്ങളിൽ കാണാം. അവിടന്ന് പറയുന്നു. "ഞാൻ എന്റെ വാദത്തിൽ സത്യവാനാണെന്നും കള്ളവാദിയും ദജ്ജാലും വ്യാജനുമല്ലെന്നും പ്രതാപവാനായ അല്ലാഹുവിന് നല്ലവണ്ണം അറിയാം. ഇക്കാലഘട്ടത്തിൽ വ്യാജരും ദജ്ജാലും കറ്റുകെട്ടി പറയുന്നവരും മുമ്പത്തേക്കാൾ കുറച്ചൊന്നുമായിരുന്നില്ല ഉണ്ടായിരുന്നത്; എല്ലാവരുടേയും മേലെ ഒരു മുജദ്ദിദിനെ അയക്കുന്നതിന് പകരം (അദ്ദേഹം അവനിൽനിന്നാണ് നിയോഗിതനാകുന്നത്) ഒരു ദജ്ജാലിനെ അയച്ചുകൊണ്ട് വീണ്ടും ഫിത്നയും കുഴപ്പവും ഉണ്ടാക്കണോ? എന്നാൽ, സത്യത്തെ മനസ്സിലാക്കാൻ ശ്രമിക്കാത്തവരേയും യാഥാർത്ഥ്യമന്വേഷിച്ച് കണ്ടെത്താൻ മെനക്കെടാത്തവരേയും നിഷേധത്തിലേക്ക് ഓടുന്നവരേയും ഞാൻ എങ്ങനെയാണ് ചികിത്സിക്കേണ്ടത്? തന്റെ സഹോദരന്റെ രോഗത്തിൽ വിഷമിച്ചുകഴിയുന്ന ഒരുവനെപോലെ എന്നെ തിരിച്ചറിയാത്ത ജനങ്ങളെ ഓർത്ത് ഞാൻ അതിയായി വിഷമിക്കുന്നു. ഞാൻ ദുആ ചെയ്യുന്നു. സർവ്വശക്തനും പ്രതാപവാനുമായവനേ, എന്റെ ദുആ കേട്ടാലും. അല്ലയോ മാർഗ്ഗദർശിയും കരുണാമയനുമായവനേ, ഇവരുടെ കണ്ണുകൾ തുറന്നാലും. നീ തന്നെ ഇവർക്ക് ഉൾക്കാഴ്ച നല്കിയാലും, നീ തന്നെ ഇവരുടെ ഹൃദയത്തിൽ സത്യസന്ധതയുടേയും നേരിന്റേയും വെളിപാടിറക്കിയാലും. എന്റെ ദുആ പാഴായിപ്പോവുകയില്ലെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. കാരണം ഞാൻ അവനിൽനിന്നുള്ളവനാണ്. അവനിലേക്ക് വിളിക്കുന്നവനാണ്. ഞാൻ അവനിൽനിന്നുള്ളവനല്ലെങ്കിൽ കെട്ടിച്ചമച്ച് പറയുന്നവനാണെങ്കിൽ അവൻ വൻശിക്ഷ കൊണ്ട് എന്നെ നശിപ്പിക്കും. കാരണം സത്യവാദിക്ക് നല്കുന്ന മാന്യത കെട്ടിച്ചമച്ചുണ്ടാക്കിപ്പറയുന്നവന് അവൻ കൊടുക്കുകയില്ല. ഒരു പദ്യശകലത്തിൽ അവിടന്ന് പറയുന്നു: "ചീത്തവിളി കേട്ടുകൊണ്ട് ഇവർക്കായി ഞാൻ പ്രാർത്ഥിക്കുന്നു. കോപാവേശത്തെ നാം കരുണകൊണ്ട് അകറ്റിക്കളഞ്ഞു."

മറ്റൊരിടത്ത്, ജനങ്ങളെ അല്ലാഹുവിന്റെ നേരായ മാർഗ്ഗത്തിലേക്ക് കൊണ്ടുവരുന്നതിനും ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുമായി അവിടന്ന് പറയുന്നു: "മിക്ക ഹൃദയങ്ങളിലും ദുൻയാവിനോടുള്ള സ്നേഹം എന്ന പൊടിപടലം പിടിച്ചിരിക്കുകയാണ്. അല്ലാഹു ഈ പൊടിപടലത്തെ നീക്കുമാറാകട്ടെ. അല്ലാഹു ഈ ഇരുട്ടിനെ അകറ്റുമാറാകട്ടെ. ലോകം, വളരെ നന്ദികെട്ടതും മനുഷ്യൻ അയഥാർത്ഥവുമാണ്. എന്നാൽ, അശ്രദ്ധയുടെ കൂരിരുട്ട് മിക്കവരേയും അടിസ്ഥാന കാര്യം മനസ്സിലാക്കുന്നതിൽനിന്ന് തടഞ്ഞിരിക്കുന്നു. ആദരമുടയവനായ അല്ലാഹു അവന്റെ വിനീതരായ ദാസരെ പൂർണ്ണമായും സംരക്ഷിക്കണമെന്നാഗ്രഹിക്കുന്നു. അവൻ കഴിഞ്ഞകാലങ്ങളിൽ ഒരുപാട് ആളുകളെ ചികിത്സിച്ചതുപോലെ ഇവരേയും ചികിത്സ നല്കി അനുഗ്രഹിക്കുന്നതാണ്. പ്രകാശത്തെ ഇരുട്ടായും ഇരുട്ടിനെ

പ്രകാശമായും മനസ്സിലാക്കിയവരെ നിന്ദിതരും അപമാനിതരും ആക്കുമാറാകട്ടെ. അവരുടെ പൊങ്ങച്ചം അതിരുകടന്നുപോയിരിക്കുന്നു. ഇപ്രകാരംതന്നെ, ദൈവികസവിധത്തിൽനിന്ന് യഥാർത്ഥ സമയത്തുണ്ടായ ശ്രദ്ധയെ, ഗനിമത്തായി മനസ്സിലാക്കാത്തവരേയും നാണം കെടുത്തുമാറാകട്ടെ. (അതായത്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമം) അവർ അതിന് നന്ദി കാണിച്ചില്ല. എന്നല്ല, ജാഹിലിംകളെപോലെ സംശയത്തിൽ വീണു. ഈ വിനീതന്റെ വിലാപം റബ്ബുൽ അർശ് വരെ എത്തിയിട്ടുണ്ടെങ്കിൽ, മുഹമ്മദീപ്രകാശം ഇക്കാലത്തെ ദാസന്മാരിൽ വെളിപെട്ട്, ദൈവികശക്തികൾ അതിന്റെ അത്ഭുതങ്ങൾ കാണിക്കുന്ന ആ കാലം വിദൂരമല്ല."

പൊതുജനങ്ങളോടുള്ള അനുകമ്പ ആ മഹാത്മാവിൽ അപാരമായിരുന്നു. എന്നാൽ, കണ്ണുണ്ടായിട്ടും കാണാത്തവർക്കും, പ്രകാശം കണ്ടിട്ടും ഇരുട്ടിൽ മറയുന്നവർക്കും അറിവുണ്ടായിട്ടും ജാഹിലിനെപോലെ പിടിവാശിയിൽ നില്ക്കുന്നവർക്കും പൊതുജനങ്ങളെ ഇരുട്ടിലേക്ക് കൊണ്ടുപോകുന്നവർക്കും വേണ്ടി ദുആ പുറത്തുവരികയില്ല. ഉയർന്നതിനുവേണ്ടി താഴ്ന്നതിനെ ത്യാഗം ചെയ്യേണ്ടിവരും. ഇതും ദയയും സഹതാപവും കൊണ്ടാണ്. അവിടന്ന് ശാപപ്രാർത്ഥന ചെയ്തു എന്നത് ശരിതന്നെ. പക്ഷേ, അത് അതിർലംഘിച്ചവർക്ക് വേണ്ടിയായിരുന്നു. സൃഷ്ടികളിൽ ഭൂരിഭാഗത്തോടുള്ള അനുകമ്പയും അവരോടുള്ള ദയയും കൊണ്ടാണ് ആ ദുആ ചെയ്തത്. അവരോട് കരുണ കാണിച്ചുകൊണ്ട് ദുആ ചെയ്യുക.

അല്ലാഹുതആല, തീർച്ചയായും അവിടത്തെ ദുആ സ്വീകരിച്ചിരിക്കുന്നു. ഭാഗ്യവാന്മാരായ ആത്മാക്കൾ നിത്യവും ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെമേൽ അല്ലാഹു തന്റെ കരുണ കാണിക്കുന്നു. മുഹമ്മദീ പ്രകാശം(സ) ലോകത്ത് പരക്കുന്നു. ഇന്ന് മുഹമ്മദീ മസീഹിന്റെ ദാസരായ നമ്മുടേയും പ്രവൃത്തിയാണ് അവിടത്തെ ദുആയെ നമ്മുടെ ദുആയിൽ ഉൾപ്പെടുത്തുക എന്നത്. അവിടത്തെ ദുആയിൽ ഭാഗഭാക്കാകുക. അവിടത്തെ അധ്യാപനം ജീവിതത്തിൽ നടപ്പിൽവരുത്തിക്കൊണ്ട്, സമസൃഷ്ടികളോടുള്ള അനുകമ്പയ്ക്ക് വിധേയരായി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശവും ജനങ്ങൾക്കെത്തിച്ചു കൊടുക്കുക. നിങ്ങളുടെ കഴിവനുസരിച്ച് അത് കൂടുതൽ കൂടുതൽ ചെയ്യുക. ഏതൊരു മുഹമ്മദിപ്രകാശം പരത്താനാണോ ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗതരായത് അതിൽ നമ്മളും നഹ്നു അൻസാറുല്ലായുടെ മുദ്രാവാക്യം വിളിച്ചുകൊണ്ട് പങ്കുചേരുക. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 2.2.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala